3 (*123) കെട്ടിക്കിടക്കുന്ന ടൈറ്റാനിയം ഡയോക്സൈഡ്

ശ്രീ. ബി. വിജയകുമാർ :
ശ്രീ. എം. മുരളി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ഇപ്പോൾ എത്ര ടൈറ്റാനിയം ഡയോക്സൈഡ് കെട്ടിക്കിടപ്പുണ്ട്;

(ബി) ഇപ്രകാരം കെട്ടിക്കിടക്കുവാനുള്ള കാരണമെന്താണ് എന്ന് വെളിപ്പെടുത്തുമോ;

(സി) വിൽപ്പന നികുതി നിരക്ക് ഏകീകരിച്ചപ്പോൾ ടൈറ്റാനിയം ഡയോക്സൈഡിന്റെ ടാക്സ് എത്രയാണ് ഉയർത്തിയത്;

(ഡി) ടൈറ്റാനിയം ഡയോക്സൈഡിന് കേന്ദ്രം നിശ്ചയിച്ചിരുന്ന തറ നിരക്ക് എത്രയായിരുന്നു;

(ഇ) ഈ നിരക്കിലും വർദ്ധിച്ച നികുതി ചുമത്തിയത് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന് ഹാനികരമായിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) 16.2.2000-ൽ ഉദ്ദേശം 10 കോടി രൂപ വിലവരുന്ന 1,645 ടൺ ടൈറ്റാനിയം ഡയോക്സൈഡ് കെട്ടിക്കിടപ്പുണ്ട്.

(ബി) 1999 ഒക്ടോബർ മാസം നടന്ന ചരക്കു ലോറി പണിമുടക്കും 2000 ജനുവരിയിലുണ്ടായ വിൽപ്പന നികുതി വർദ്ധനവുമാണ് ഇതിനുള്ള പ്രധാന കാരണങ്ങൾ.

(സി) 2000 ജനുവരി 1 മുതൽ 30 ശതമാനമായി ഉയർത്തിയെങ്കിലും പിന്നീട് 31.3.2000 വരെ 20 ശതമാനമായി ഇളവ് നൽകിയിട്ടുണ്ട്.

(ഡി) രാസവസ്തുക്കളുടെ ഫ്ളോർ റേറ്റ് 8 ശതമാനമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഇ) വിൽപ്പനയെ ബാധിച്ചിട്ടുണ്ട്.

(എഫ്) 30 ശതമാനമായി നിശ്ചയിച്ച വിൽപ്പന നികുതി 2000 മാർച്ച് 31 വരെ 20 ശതമാനമായി കുറച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. വിൽപ്പന പ്രോത്സാഹിപ്പിക്കാൻ കമ്പനി ഒരു ഡിസ്ക്കൗണ്ട് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. തമ്പാനൂർ രവി : ടൈറ്റാനിയം ഡയോക്സൈഡ് കേരളത്തിന്റെ മൊണോപൊളി പ്രോഡക്ടായിരുന്നു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ചില വിദേശരാജ്യങ്ങൾ റൈറ്റാനിയം ഡയോക്സൈഡ് വൻതോതിൽ ഉൽപ്പാദിപ്പിച്ച് അന്തർദേശീയ മാർക്കറ്റിൽ ഇറക്കുന്നതുമൂലം നമ്മുടെ ഉൽപ്പന്നത്തിന്റെ മൊണോപ്പൊളി നഷ്ടമായതാണോ ഈ പ്രോഡക്റ്റ് കെട്ടിക്കിടക്കാൻ കാരണം? അങ്ങനെയാണെങ്കിൽ ഉൽപ്പാദനം അന്തർദേശീയ നിലവാരത്തിൽ ആക്കുന്നതിനും പുതിയ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും യന്ത്രസാമ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രികൾ ആധുനികവൽക്കരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഗവണ്മെന്റിന്റെ ഇറക്കുമതി നയത്തിന്റെ ഭാഗമായി ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി ഡ്യൂട്ടിതന്നെ 131 ശതമാനം ഉണ്ടായിരുന്നത് ഇപ്പോൾ 40 ശതമാനമായിരിക്കുകയാണ്. ആ രീതിയിൽ പ്രശ്നമുണ്ട്. മാത്രമല്ല ഏറ്റവും വിലകുറഞ്ഞ ഉൽപ്പന്നങ്ങൾ ചൈനയിൽ നിന്ന് ഇറക്കുമതിചെയ്യുന്ന പ്രശ്നമുണ്ട്. ആ പ്രശ്നത്തെ അതിജീവിക്കാൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപടിയെടുക്കുന്നുണ്ട്. അതിനുള്ള ഉയർന്ന സാങ്കേതികവിദ്യ കിട്ടണമെങ്കിൽ നമ്മുടെ എതിരാളികളുമായിട്ട് ബന്ധപ്പെടേണ്ടിവരും. ഇന്ന് നമുക്ക് ആവശ്യമായ രീതിയിൽ വികസനം നടത്താൻ കഴിയും; നമുക്ക് പിടിച്ചുനിൽക്കാനും കഴിയുമെന്നുള്ളതാണ് ഇന്നത്തെ സാഹചര്യം. വിദേശത്തു നിന്ന് കിട്ടുന്നത് നമുക്ക് അനുകൂലമായ ഘടകങ്ങളല്ലെങ്കിൽ നമ്മൾ പാർട്ടിസിപ്പേഷനടക്കം കൊടുക്കേണ്ടിവരും. അത് കൊടുക്കാൻ സാധ്യമല്ല. നമുക്കുതന്നെ ഈ രംഗത്ത് പിടിച്ചുനിൽക്കാൻ കഴിയത്തക്കവിധത്തിൽ, വിപുലീകരണമടക്കമുള്ള ആധുനിക സാങ്കേതികവിദ്യയടക്കം എത്രമാത്രം ഉപയോഗിക്കാൻ കഴിയുമെന്നുള്ളത് പരിശോധിച്ച് വികസനത്തിനു പ്ലാൻ ചെയ്തിട്ടുണ്ട്.

ശ്രീ. തമ്പാനൂർ രവി : ടൈറ്റാനിയം ഫാക്ടറിയിൽ ഇപ്പോൾ നിലനിൽക്കുന്ന മലിനീകരണ പ്രശ്നംമൂലം ഫാക്ടറിയുടെ പ്രവർത്തനത്തിൽ ചില തടസ്സങ്ങളുണ്ട്. ചരക്ക് നീക്കത്തെ ഇത് ബാധിച്ചിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് മലിനീകരണ നിയന്ത്രണപദ്ധതി ആവിഷ്ക്കരിച്ചിട്ട് കുറേ വർഷങ്ങളായി. മുന്തിയ പരിഗണന നൽകി ഈ മലിനീകരണ നിയന്ത്രണപദ്ധതി നടപ്പിലാക്കാൻ ഗവണ്മെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ന്യൂട്രലൈസേഷൻ പ്ലാന്റ് അടിയന്തിരമായി തുടങ്ങുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ അതിന്റെ പണികൾ ആരംഭിക്കുന്നതാണ്.

ശ്രീ. എം. മുരളി : വളരെ അഭിമാനകരമായി പ്രവർത്തിക്കുന്ന, നഷ്ടത്തിൽ അല്ലാതെ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നായ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ 10 കോടി രൂപയുടെ ടൈറ്റാനിയം ഡയോക്സൈഡ് കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടായതോടെ ഗുരുതരമായ പ്രതിസന്ധിയിൽ എത്തിനിൽക്കുകയാണെന്ന് അങ്ങ് തുറന്ന് സമ്മതിച്ചിരിക്കുകയാണ്. കേന്ദ്ര ഗവണ്മെന്റ് നിശ്ചയിച്ചിരിക്കുന്ന രാസവസ്തുക്കളുടെ ഫ്ളോർ ടാക്സ് റേറ്റ് 8 ശതമാനം ആണെങ്കിലും, വിൽപ്പന നികുതി ഏകീകരണത്തിന്റെ പേരിൽ ധനകാര്യവകുപ്പ് അടിച്ചേൽപ്പിച്ചിരിക്കുന്ന 30 ശതമാനമാക്കി വർദ്ധിപ്പിച്ച നികുതി ഇപ്പോൾ 20 ശതമാനമാക്കി കുറച്ചു എന്ന് പറഞ്ഞു. വിൽപ്പന നികുതിയുടെ വർദ്ധനവാണ് ഈ പ്രതിസന്ധിക്ക് പ്രധാന കാരണമെന്ന് അങ്ങ് തന്നെ സമ്മതിച്ചിരിക്കുകയാണ്. അതിന് ഡിസ്ക്കൗണ്ട് കൊടുത്തുകൊണ്ട് ഇത് വിറ്റഴിക്കുവാൻ ശ്രമിക്കുമെന്ന് അങ്ങ് പറഞ്ഞു. എന്ത് ഡിസ്ക്കൗണ്ടാണ് കൊടുക്കുന്നതെന്ന് അങ്ങ് വ്യക്തമാക്കുമോ?

അതോടൊപ്പം, 30 ശതമാനം എന്നത് 20 ശതമാനമാക്കി കുറച്ചു എന്നു പറഞ്ഞു. ഫ്ളോർ റേറ്റ് അനുസരിച്ച് 8 ശതമാനമാക്കി കുറയ്ക്കുവാൻ ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് വേണ്ട തീരുമാനം എടുക്കുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : വിൽപ്പന നികുതിയുടെ കാര്യത്തിൽ കാലാകാലങ്ങളിൽ പ്രയാസങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ നമ്മുടെ ഗവണ്മെന്റ് സെയിൽസ് ടാക്സ് കുറയ്ക്കുവാൻ പ്രത്യേക നടപടി എടുത്തിട്ടുണ്ട്. ഇത്തവണ 30 ശതമാനം എന്നത് കുറച്ച് 20 ശതമാനത്തിനാണ് ഡിസ്ക്കൗണ്ട് നിശ്ചയിച്ച് വിൽക്കുന്നത്. കഴിഞ്ഞ പ്രാവശ്യം 20-25 ശതമാനം ഉണ്ടായിരുന്നപ്പോൾ, വലിയ പ്രതിസന്ധി ഈ രംഗത്ത് വന്നപ്പോൾ സംസ്ഥാന ഗവണ്മെന്റ് സെയിൽസ് ടാക്സ് 5 ശതമാനമാക്കിക്കുറച്ചു. ഇതിന്റെ പരിതസ്ഥിതികൾ പരിശോധിച്ച് ആവശ്യമാണെങ്കിൽ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

ശ്രീ. എം. മുരളി : രേഖാമൂലമുള്ള ഉത്തരത്തിൽ പറയാതിരുന്ന ഒരു കാര്യം ശ്രീ. തമ്പാനൂർ രവിയുടെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. 10 കോടി രൂപയുടെ ടൈറ്റാനിയം ഡയോക്സൈഡ് കെട്ടിക്കിടക്കുവാനുള്ള മറ്റൊരു കാരണം വിദേശത്തുനിന്നുള്ള ഇറക്കുമതിയാണെന്ന് പറഞ്ഞു. കേന്ദ്ര ഗവണ്മെന്റ് ഡ്യൂട്ടി അശാസ്ത്രീയമായി കുറച്ചതാണ് പ്രധാനമായ ഒരു കാരണം. അങ്ങനെ ഡ്യൂട്ടി അശാസ്ത്രീയമായി കുറച്ച് നമ്മുടെ ഇന്റേണൽ മാർക്കറ്റിലെ കുത്തക ഇല്ലാതാക്കുന്നത് ഒഴിവാക്കാൻ വിദേശ രാജ്യ മാർക്കറ്റുകളിൽ നിന്ന് ടൈറ്റാനിയം ഡയോക്സൈഡ് ഇറക്കുമതി ചെയ്യുന്നത് തടയുവാൻ കേന്ദ്ര ഗവണ്മെന്റിന്റെ ഡ്യൂട്ടി ഇളവ് നടപടി പിൻവലിക്കുവാൻ ഇതിനോടകം, ഈ പ്രതിസന്ധി ഉണ്ടായതിനുശേഷം, എന്ത് നടപടി സംസ്ഥാന ഗവണ്മെന്റ് സ്വീകരിച്ചു?

ശ്രീമതി സുശീലാ ഗോപാലൻ : ഈ കാര്യത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയാണ്. 1996-97-ൽ 30 ശതമാനം ആയി കുറയ്ക്കുവാൻ നടപടി സ്വീകരിച്ച സമയത്ത് നമ്മൾ അവിടെപ്പോയി ബന്ധപ്പെട്ടവരെക്കണ്ട് രാഷ്ട്രീയ സമ്മർദ്ദം ചെലുത്തിയിട്ടാണ് മറ്റ് എല്ലാ മിനറൽസിനും 30 ശതമാനമായി കുറച്ചപ്പോഴും ടൈറ്റാനിയം ഡയോക്സൈഡിന്റെ ഡ്യൂട്ടി 40 ശതമാനമാക്കി നിലനിർത്തിയത്. ഓരോ കൊല്ലവും ബഡ്ജറ്റ് അവതരണത്തിനുമുമ്പായി നമ്മൾ വ്യവസായമന്ത്രി, പ്രധാനമന്ത്രി അടക്കമുള്ളവർക്ക് മെമ്മോറാണ്ടം കൊടുക്കും. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിതന്നെ കേന്ദ്ര ഗവണ്മെന്റിന് എഴുതുകയും ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. നമ്മുടെ എം.പി. മാരോട് അതാത് സമയത്ത് കാര്യങ്ങളൊക്കെ ബ്രീഫ് ചെയ്യുകയും അവരുമായി കത്തിടപാടുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. അവർ വഴിയും ആവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തി, അങ്ങനെയൊക്കെയാണ് 40 ശതമാനത്തിൽ നിർത്തിയത്. ഇത്തവണയും ധനകാര്യ മന്ത്രിയേയും കോമേഴ്സ് മന്ത്രിയേയും ഞാൻ നേരിട്ട് കണ്ട് ഒരു കാരണവശാലും 40 ശതമാനത്തിൽ നിന്ന് ഇത് കുറയ്ക്കരുതെന്ന് പറഞ്ഞു. എനിക്ക് വാക്ക് തന്നത് 40 ശതമാനത്തിൽ നിലനിർത്തും എന്നാണ്. മൾട്ടി നാഷണൽസൊക്കെ ഒരു പക്ഷേ കുറച്ചുവെന്ന് വരും. 5 ശതമാനമായിട്ട് കുറയ്ക്കുന്നതായി ഒരു വാർത്തവന്നിട്ടുണ്ട്. ഇക്കാര്യം എം.പി. മാരെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഞാനും ഉടനെതന്നെ ഡൽഹിയിൽപ്പോയി വീണ്ടും സമ്മർദ്ദം ചെലുത്തും, ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ടൈറ്റാനിയം ഫാക്ടറിയിൽ ടൈറ്റാനിയം ഡയോക്സൈഡ് കെട്ടിക്കിടക്കുന്നതുകൊണ്ട് മാത്രമല്ല ഇന്ന് പ്രതിസന്ധി നിലനിൽക്കുന്നത്. അതിന്റെ ഉൽപാദനം തടയുവാനടക്കമുള്ള പ്രാദേശികവാദം ഉന്നയിച്ചിട്ടുണ്ട്. ഒരു വിഭാഗം ആളുകളാണ് അതിന്റെ പ്രവർത്തനത്തെ തടസ്സപ്പെ

ടുത്തുന്നത്. അതിന്റെ പിന്നിൽ ഏതെങ്കിലും രാഷ്ട്രീയ ലക്ഷ്യം ഉണ്ടോ? ലാഭകര മായിട്ട് നടത്തുന്ന ഈ ഫാക്ടറി കൂടി നഷ്ടത്തിലാണെന്ന് വരുത്തി ഏതെ ങ്കിലും സ്വകാര്യ മുതലാളിമാർക്ക് കൈമാറാനുള്ള ലക്ഷ്യം വച്ചുകൊണ്ടാണോ ആ പ്രവർത്തനം നടത്തുന്നത്? അതിൽ ഗവണ്മെന്റ് എന്ത് നടപടി സ്വീകരിച്ചു; ആ നടപടി കർശനമായി നടപ്പാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ട്രാവൻകൂർ ടൈറ്റാനിയം പ്രോഡ ക്ട്സിന്റെ സംരക്ഷണത്തിന് ആവശ്യമായ രീതിയിൽ എല്ലാ ശക്തികളേയും നേരിടത്തക്ക വിധത്തിൽ അവരുമായി സംസാരിച്ച് ചില ധാരണകൾ ഉണ്ടാ ക്കുന്നതിന് അടുത്ത ദിവസം യോഗങ്ങൾ നടത്തുകയും ചില ധാരണയിൽ എത്തുകയും തൽക്കാലം സമരം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും പ്രത്യേകിച്ച് പൊല്യൂഷൻ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കലാണ് വളരെ പ്രധാനമായിട്ടുള്ളത്. അതുകൊണ്ടാണ് ന്യൂട്രലൈസേഷൻ പ്ലാന്റ് അടിയന്തിരമായി തുടങ്ങുന്നത്. Coastal Upliftment Association-നുമായി ബന്ധ പ്പെട്ട് കാര്യങ്ങൾ ചർച്ച ചെയ്യും. അവർ പറഞ്ഞ കാര്യങ്ങൾ എല്ലാം തന്നെ ഇതിനകം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. എങ്കിലും ചില രാഷ്ട്രീയ ശക്തികളും മറ്റും ഇപ്പോൾ തെരഞ്ഞെടുപ്പ് അടുത്തതോടുകൂടി തല ഉയർത്തിയിട്ടുണ്ട്. തീരദേശത്ത് 15,000 പെൺകുട്ടികൾക്ക് പണികൊടുക്കുവാൻ കഴിയുന്ന രീതി യിലുള്ള അപ്പാരൽ പാർക്കിന്റെ പ്രവർത്തനം തുടങ്ങുവാൻ തീരുമാനിച്ച പ്പോൾ അവിടെ റിസർവേഷൻ വേണമെന്ന് പറഞ്ഞുകൊണ്ട് ചിലർ വന്നു. അക്കാര്യങ്ങളെല്ലാം രമ്യമായി പരിഹരിക്കുന്നതിനും മറ്റ് ശല്യങ്ങൾ ഉണ്ടാക്കാ തിരിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. വരുന്ന വ്യവസായി കൾക്ക് ബുദ്ധിമുട്ടില്ലാതെ വ്യവസായം തുടങ്ങുവാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കുന്നതിന് കഴിയുന്നത്ര ശക്തികളുമായി ബന്ധപ്പെട്ട് പരിഹാരം ഉണ്ടാക്കുവാൻ ശ്രമിക്കുകയാണ്.

ശ്രീ. ടി.എം. ജേക്കബ് : സർ, TTP - ൽ മലിനീകരണം തടയുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ടൈറ്റാനിയം ഫാക്ടറിക്ക് മുമ്പിൽ നിരന്തരമായി ഒട്ടേറെ സമരങ്ങൾ നടക്കുന്നുണ്ട്. തീരപ്രദേ ശത്ത്, പ്രത്യേകിച്ച് കടലിൽ മത്സ്യബന്ധനം നടക്കുന്നില്ല എന്നൊക്കെയുള്ള ഒട്ടേറെ പ്രശ്നമുണ്ട്. ഇപ്പോൾ നടക്കുന്ന സമരം ടൈറ്റാനിയത്തിന്റെ പ്രവർത്ത നത്തെ തടസ്സപ്പെടുത്തുവാൻ സാഹചര്യമുള്ള സമരമായി മാറിക്കൊണ്ടിരിക്കുക യാണ്. ഇത് തടയുവാൻ ഗവണ്മെന്റ് അടിയന്തിരമായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ? സാധാരണ പറയുന്നതുപോലെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന നിലയിൽ പോകാനാണോ ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീമതി സുശീലാ ഗോപാലൻ : നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറയുക മാത്രമല്ല, മറ്റു ചില നടപടികൾ കൂടി സ്വീകരിച്ചിട്ടുണ്ട്. ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ പ്രവർത്തനം അടിയന്തിരമായി തുടങ്ങിയതാണ്. അതിലും ഉയർന്ന രീതിയിലുള്ള ചില സാങ്കേതിക വിദ്യകൾ ലഭ്യമാക്കാനുള്ള സാഹചര്യങ്ങൾ സംബന്ധിച്ച് മറ്റ് രാജ്യങ്ങളുമായി ചർച്ചചെയ്ത് ചില കാര്യങ്ങൾ വന്നതുകൊ ണ്ടാണ് ഇതിന് അൽപ്പം താമസം നേരിട്ടത്, എങ്കിലും ഇന്നത്തെ പ്രശ്നം പരി ഹരിച്ച് അടിയന്തിരമായി ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ പ്രവർത്തനം ആരം ഭിക്കും. അതു കൂടാതെ മറ്റ് വിധത്തിലുള്ള പ്രവർത്തനങ്ങൾ, കൂടുതൽ ഉയർന്ന സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും ഒക്കെയുള്ള ശ്രമങ്ങൾ നട ത്തിക്കൊണ്ടിരിക്കുകയാണ്. അടുത്തദിവസം തന്നെ ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കും.

1117/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ശ്രീ. എം. മുരളി സൂചിപ്പിച്ചതു പോലെ അര നൂറ്റാണ്ട് പഴക്കമുള്ള സ്ഥാപനമാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്. 50 വർഷത്തിനിടയിൽ ഒരു വർഷം മാത്രമാണ് ഈ ഫാക്ടറി നഷ്ടത്തിൽ പ്രവർത്തിക്കുവാൻ ഇടയായത്. 49 വർഷവും നമ്മുടെ സംസ്ഥാനത്ത് കോടിക്കണക്കിനു രൂപ വിവിധ നികുതിയിനങ്ങളിൽ നൽകിയിട്ടുള്ള ഒരു സ്ഥാപനമാണിത്. ഇതിന് സമാന്തരമായി പ്രവർത്തിക്കുന്ന കെ.എം.എം.എൽ.ന്റെ വികസനം സുസാദ്ധ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി ഈ ഗവണ്മെന്റ് വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ട് ഏതാണ്ട് ആയിരംകോടി രൂപയുടെ ഒരു പദ്ധതിതന്നെ പ്രവൃത്തിപഥത്തിൽ എത്തുന്ന ഒരു സന്ദർഭമാണ്. ഇപ്പോൾ ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് ഈ മഹത്തായ സ്ഥാപനത്തിന്റെ 50 വർഷത്തെ അവസ്ഥ പരിഗണിച്ചുകൊണ്ട്, വിപുലമായി കെ.എം.എം.എൽ.ൽ ഉദ്ദേശിക്കുന്നതുപോലുള്ള ഒരു വികസന പദ്ധതിക്ക് രൂപം കൊടുക്കുവാൻ സംസ്ഥാന ഗവണ്മെന്റും ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയും തയ്യാറാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ വികസനത്തെ സംബന്ധിച്ച് ആലോചിക്കാതെയല്ല. ഏതാണ്ട് 150 കോടി രൂപയുടെ ഒരു വികസന പദ്ധതിയെക്കുറിച്ച് ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. ചില വിദേശ രാജ്യങ്ങളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അതിന് സാങ്കേതികവിദ്യ ലഭ്യമാക്കുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ വികസനം വളരെ നല്ല രീതിയിൽത്തന്നെ നടക്കുന്നുണ്ട്. സ്ഥല പരിമിതി പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്; എങ്കിൽത്തന്നെയും അതിനുള്ള നടപടി സ്വീകരിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 10 കോടി രൂപയുടെ ടൈറ്റാനിയം ഡയോക്സൈഡ് ഇവിടെ കെട്ടിക്കിടക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ചൈനയിൽ നിന്ന് ടൈറ്റാനിയം ഡയോക്സൈഡ് ഇവിടെ വരുന്നു എന്നാണ് ഒരു കാരണം പറഞ്ഞത്. നികുതി മാർച്ച് മാസം വരെ തൽക്കാലം കുറച്ചിട്ടുണ്ടെന്ന് പറഞ്ഞു. 40 ശതമാനം ഇംപോർട്ട് ഡ്യൂട്ടി ഉണ്ടായിട്ടും ചൈനയിൽനിന്നുപോലും ഇറക്കുമതി ചെയ്യുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ വിലയ്ക്ക് നമുക്ക് വിൽക്കുവാൻ കഴിയാത്തതിന്റെ കാരണം എന്താണ്; ആ ഡിഫക്ട് തിരുത്തുവാനുള്ള എന്തെങ്കിലും നടപടി കൈക്കൊള്ളുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ? കേരളത്തിലെ തൊഴിലാളികളെ ഇത് പ്രതികൂലമായി ബാധിക്കുന്നതുകൊണ്ട് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി പാർട്ടി അടിസ്ഥാനത്തിൽ ബന്ധപ്പെട്ട് ഇതു നിർത്തൽ ചെയ്യുവാൻ എന്തെങ്കിലും നടപടി കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഓരോ രാജ്യത്തിന്റെയും താൽപ്പര്യങ്ങൾ പരിരക്ഷിക്കാൻ അതാത് രാജ്യത്തെ ഭരണാധികാരികൾ ശ്രമിക്കുക എന്നത് സ്വാഭാവികമാണ്. ആ കാര്യത്തിൽ ഒത്തുതീർപ്പുണ്ടാക്കുവാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അവരുമായി മത്സരത്തിന് തയ്യാറാകത്തക്ക വിധത്തിൽ നമ്മുടെ സ്ഥാപനത്തെ സജ്ജമാക്കുക എന്നതാണ് നമ്മുടെ കടമ. അതിന് ആവശ്യമായിട്ടുള്ള നടപടി തീർച്ചയായും ഉണ്ടാകും. സാങ്കേതിക വിദ്യക്കു പുറമേ നിന്ന് കിട്ടുന്നതിനുള്ള പരിശ്രമം നടത്തുമ്പോഴും ഉള്ള വിഷമം കോമ്പറ്റിറ്റേഴ്സ് അല്ലെങ്കിൽ അവർക്ക് പാർട്ടിസിപ്പേഷൻ കൊടുക്കേണ്ടിവരും. അങ്ങനെ പല പ്രശ്നങ്ങളുമുണ്ട്. അല്ലാതെതന്നെ നമ്മുടെ സാങ്കേതികവിദ്യ ഉയർത്തുവാൻ കഴിയും. കെ.എം.എം.എൽ.ൽ ത്തന്നെ അതിനുള്ള

പരിശ്രമം നടത്തി പ്രത്യേക ചില സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനും പ്രൊഡക്ടിവിറ്റി കൂട്ടുന്നതിനുമുള്ള നടപടി എടുത്തിട്ടുണ്ട്. ഇപ്പോൾ പ്രൊഡക്റ്റിവിറ്റി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആ കാര്യങ്ങളിൽ നമ്മുടെ തന്നെ inhouse research നടക്കുന്നുണ്ട്. അത് ശക്തിപ്പെടുത്തുന്നതിനും കോംപറ്റിറ്റേഴ്സിനെ നേരിടുന്നതിനുമുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*124) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ നേരിട്ട് ഇടപെടാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പല പൊതുമേഖലാ സ്ഥാപനങ്ങളേയും രക്ഷപ്പെടുത്തുന്നതിനുവേണ്ടി പണം നൽകുന്ന സർക്കാർ, ആ പണം എപ്രകാരമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ചെലവഴിക്കുന്നതെന്ന് മോണിറ്റർ ചെയ്യാറില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു മോണിറ്ററിംഗ് ആണ് സർക്കാർ നടത്താറുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ തുക നൽകിയിട്ടുള്ളത് ഏതു പൊതുമേഖലാ സ്ഥാപനത്തിനാണെന്നും എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) നേരിട്ട് ഇടപെടാറില്ല. എന്നാൽ ഡയറക്ടർ ബോർഡിൽ നിയമിച്ചിട്ടുള്ള സർക്കാർ പ്രതിനിധികൾ അതാത് സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ട്. കൂടാതെ ഭരണ വകുപ്പുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്ത് നയപരമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(ബി)-(സി) ഡയറക്ടർ ബോർഡിലെ സർക്കാർ ഡയറക്ടർമാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ വരവ്-ചെലവ് കണക്കുകൾ മോണിറ്റർ ചെയ്യുന്നുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആനുകാലിക അവലോകനം നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുവാൻ പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിനെ (റിയാബിനെ) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 441 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly